# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ - ശ്രീ.വി.ആർ.ജോഷി)

വിഷയം:- പിന്നാക്ക സമുദായ വികസനം - ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്/ ഒ.ഇ.സി വിദ്യാഭ്യാസ ധനസഹായം എന്നീ പദ്ധതികൾക്കായി എറണാകുളം മേഖലാ ആഫീസിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **BCDD/A3/973/15** തീയതി: 06/04/2015

---

2015-16 അധ്യയന വർഷം മുതൽ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്/ഒ.ഇ.സി വിദ്യാഭ്യാസ ധനസഹായം എന്നീ പദ്ധതികൾ വകുപ്പ് ഡയറക്ടറേറ്റിലെ ജോലിഭാരം കണക്കിലെടുത്തും എറണാകുളം മേഖലാ ആഫീസിലെ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സാന്നിദ്ധ്യം പരിഗണിച്ചും പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല എറണാകുളം മേഖലാ ആഫീസിന് കൈമാറി ഉത്തരവാകുന്നു.

ഈ പദ്ധതിക്കാവശ്യമായ സോഫ്റ്റ്‌വെയർ നവീകരണം /സൃഷ്ടിക്കൽ/ഓൺലൈൻ ഫണ്ട് ട്രാൻസ്ഫറിനുള്ള സൗകര്യങ്ങൾ എന്നിവ തയായറാക്കേണ്ടത് എറണാകുളം മേഖലാ ആഫീസിന്റെ ചുമതലയാണ്. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ അധ്യയന വർഷാരംഭത്തിൽത്തന്നെ ക്ഷണിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി അർഹരായവരുടെ പട്ടിക തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഈ അധ്യയന വർഷം മുതൽ ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പിന്നാക്ക സമുദായ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ ഐ.റ്റി@ സ്കൂൾ-ന്റെ പോർട്ടലിൽത്തന്നെ സജ്ജീകരിക്കുന്നതിന് എ.ഇ.ഒ/ഡി.ഇ.ഒ തലത്തിൽ ഇത് സംബന്ധിച്ച അറിയിപ്പ് നൽകുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ജൂൺ ആദ്യവാരം തന്നെ അർഹരായ കുട്ടികളുടെ പട്ടിക പ്രാധാനാധ്യാപകർ സ്കേളർഷിപ്പ് പോർട്ടൽ മുഖേന നൽകുന്നതിന് ആവശ്യമെങ്കിൽ എ.ഇ.ഒ/ഡി.ഇ.ഒ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ജൂൺ 30-ന് അർഹരായ എല്ലാവർക്കും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. അർഹരായ കുട്ടികളുടെ പട്ടിക ലഭ്യമാകുന്ന മുറക്ക് ആവശ്യമായ ഫണ്ട് ഇതിനായി തുടങ്ങുന്ന അക്കൗണ്ടിലേക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്നതാണ്.

ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ (എറണാകുളം,കോഴിക്കോട്)

പകർപ്പ്;-

1. ഡയറക്ടറുടെ മേശമേൽ
2. SFO/ സൂപ്രണ്ട്
3. BCDD എ1-സീറ്റ്-
4. സ്റ്റോക്ക് ഫയൽ/സ്പെയർ.